2822
12/2/19

# കേരള സർക്കാർ

## സംഗ്രഹം

നികുതി വകുപ്പ് - എക്സൈസ്- സർക്കാരിന്റെ 2014-2015 വർഷത്തെ മദ്യനയത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികളുടെ പുനരധിവാസം-സുരക്ഷാ സ്വയം തൊഴിൽ പദ്ധതി രൂപീകരിച്ച് ഉത്തരവാകുന്നു.

---

**നികുതി (ജി) വകുപ്പ്**

**സ.ഉ.(കൈ)നം.06/2019/നി.വ** **തീയതി, തിരുവനന്തപുരം, 30/01/2019**

---

പരാമർശം : 1. 22/08/2014 തീയതിയിലെ സ.ഉ.(കൈ)139/2014/നി.വ. നമ്പർ ഉത്തരവ്.
2. ഡബ്ല്യൂ.പി.(സി)നം.14219/16, 22869/16, 5231/17 എന്നിവയിൻമേലുള്ള ബഹു.ഹൈക്കോടതിയുടെ 01/11/2017 ലെ ഇടക്കാല ഉത്തരവ്.
3. 11/01/2018 തീയതിയിലെ സ.ഉ.(സാധാ)31/2018/നി.വ. നമ്പർ ഉത്തരവ്.
4. എക്സൈസ് കമ്മീഷണറുടെ 26/09/2018 ലെ ഇഎക്സ് സി/4285/2018-എക്സ് സി1 നമ്പർ കത്ത്.
5. Contempt Case(C)No.1926/2018.
6. വിദഗ്ധസമിതിയുടെ 16/10/2018 ലെ യോഗത്തിന്റെ മിനിറ്റ്സ്.

## ഉത്തരവ്

പരാമർശം (1) ലെ ഉത്തരവനുസരിച്ച് സർക്കാർ പ്രഖ്യാപിച്ച, 2014-2015 വർഷത്തെ മദ്യനയത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികളുടെ പുനരധിവാസത്തിനായുള്ള "പുനർജനി 2030" പദ്ധതി സർക്കാർ നടപ്പിൽ വരുത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് ടി മദ്യനയത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികൾ ബഹു:ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി).നം.14219/16, 22869/16, 5231/17 എന്നീ കേസുകൾ ഫയൽ ചെയ്തിരുന്നു. ടി കേസുകളിലെ പരാമർശം (2) ലെ ഇടക്കാല ഉത്തരവിൽ തൊഴിൽ നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി രണ്ട് മാസത്തിനുള്ളിൽ നടപ്പിലാക്കണമെന്ന് കോടതി സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പുനരധിവാസ പദ്ധതിയെക്കുറിച്ച് പഠിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (3) പ്രകാരം സർക്കാർ കമ്മിറ്റി രൂപീകരിച്ചു.

2) 2014-2015 വർഷത്തെ മദ്യനയത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികളിൽ, ഇനിയും 100 പേർക്കു കൂടി ജോലി ലഭിക്കാനുണ്ടെന്ന് പരാമർശം (4) പ്രകാരം എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ

പറയുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി 2014-2015 വർഷത്തെ മദ്യനയത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികളുടെ പുനരധിവാസത്തിനായി ചുവടെ പറയുന്ന പദ്ധതി രൂപീകരിച്ച് ഉത്തരവാകുന്നു.

1. "സുരക്ഷാ സ്വയം തൊഴിൽ പദ്ധതി" എന്ന പേരിലാണ് ഈ പദ്ധതി അറിയപ്പെടുക.

2. കേരള സ്റ്റേറ്റ് അബ്കാരി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡാണ് പദ്ധതി നടപ്പിലാക്കുക. 2014-ലെ അബ്കാരി നയത്തിൽ പ്രഖ്യാപിച്ച "പുനർജ്ജനി 2030" നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് കെ.എസ്.ബി.സി. വഴി വിറ്റഴിക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പന നികുതിയിന്മേൽ ഏർപ്പെടുത്തിയ 5% സെസ്സിൽ നിന്നും സമാഹരിക്കുന്ന തുകയിൽ നിന്നും പ്രസ്തുത ബോർഡിന് ലഭ്യമാക്കുന്നതാണ്.

3. ഗുണഭോക്താക്കൾക്ക് അവരുടെ താൽപ്പര്യത്തിനനുസരിച്ചുള്ള പ്രൊജക്ടിന് സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്.

4. സർക്കാരിന്റെ 2014-ലെ മദ്യനയം നടപ്പിലാക്കിയതുവഴി തൊഴിൽ നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികൾ മാത്രമേ ഈ പദ്ധതിക്ക് അർഹരായിരിക്കുകയുള്ളൂ. ഇവർ അബ്കാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളോ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരോ ആയിരിക്കേണ്ടതാണ്.

5. 2015-നു ശേഷം എഫ്.എൽ.3, എഫ്.എൽ.11 ലൈസൻസ് ലഭിച്ച ബാർ ഹോട്ടലുകളിൽ വീണ്ടും ജോലി ലഭിച്ച തൊഴിലാളികൾ ഈ പദ്ധതിക്ക് യോഗ്യരായിരിക്കുകയില്ല.

6. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് 5 വർഷത്തേയ്ക്ക് 2,50,000/- രൂപ Term Loan ആയും 50,000/- രൂപ ഗ്രാന്റ്/സബ്സിഡി ആയും അനുവദിക്കുന്നതാണ്. ഈ തുകയ്ക്ക് 4% വാർഷിക പലിശയാണ്. 5 വർഷത്തിനുള്ളിൽ തുല്യ മാസ തവണകളായി പ്രസ്തുത വായ്പ തിരിച്ചടക്കേണ്ടതാണ്. ഈ ലോൺ തുകയുടെ ആദ്യ ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസത്തിനുശേഷം തിരിച്ചടവ് ആരംഭിക്കേണ്ടതാണ്.

7. പ്രസ്തുത വായ്പാ തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തിൽ 2.5% നിരക്കിൽ പിഴ പലിശ ഈടാക്കുന്നതാണ്.

8. അപേക്ഷയോടൊപ്പം ലോൺ തുകയ്ക്ക് സമാനമായ സെക്യൂരിറ്റിയോ, അല്ലെങ്കിൽ ലോൺ തുക ഉപയോഗിച്ച് ആർജ്ജിക്കുന്ന വകകളെ മോർട്ട്ഗേജ് ആയി നൽകേണ്ടതാണ്.

9. നിർദ്ദിഷ്ട മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ കേരളാ സ്റ്റേറ്റ് അബ്കാരി വെൽഫയർ ഫണ്ട് ബോർഡിന്റെ എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നീ മേഖലാ കാര്യാലയങ്ങളിലെ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

10. പ്രാദേശിക കാര്യാലയങ്ങളിലെ കേരളാ സ്റ്റേറ്റ് അബ്കാരി വെൽഫയർ ഫണ്ട് ബോർഡ് ഇൻസ്പെക്ടർമാർ പ്രസ്തുത അപേക്ഷകൾ അംഗീകാരത്തിനായി ചീഫ് വെൽഫയൽ ഫണ്ട് ഇൻസ്പെക്ടർക്ക് അയയ്ക്കേണ്ടതാണ്. അപേക്ഷ ലഭിച്ച് ഒരുമാസത്തിനുള്ളിൽ മേൽ ബോർഡ് പ്രസ്തുത വായ്പ അനുവദിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ലോൺ തുക ഒന്നര ലക്ഷം രൂപ വീതമുള്ള രണ്ടു തുല്യ ഗഡുക്കളായി അനുവദിക്കേണ്ടതാണ്.

11. ബോർഡിന്റെ ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ ഉള്ള അക്കൗണ്ടുകളിൽ വായ്പാ തുക തിരിച്ചടക്കേണ്ടതാണ്.

12. അപേക്ഷയോടൊപ്പം ആധാരമോ മറ്റു രേഖകളോ സമർപ്പിച്ചിട്ടുള്ള പക്ഷം അവസാന തവണയും പലിശയും തിരിച്ചടക്കുന്ന തീയതി മുതൽ ഒരു മാസത്തിനുള്ളിൽ പ്രസ്തുത രേഖകൾ ബോർഡ് തിരിച്ചു നൽകേണ്ടതാണ്.

13. ഗുണഭോക്താവ് ആഗ്രഹിക്കുന്ന പക്ഷം വായ്പാ തുക കാലാവധിക്കു മുമ്പേ അടച്ചുതീർക്കാവുന്നതാണ്.

14. ഈ പദ്ധതി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായതിനാൽ വായ്പാ കാലാവധി ദീർഘിപ്പിക്കുന്നതല്ല.

15. സ്വയം തൊഴിൽ പദ്ധതി തുടങ്ങുന്നതിനും, തുടർന്നു നടത്തുന്നതിനും ആവശ്യമായ പരിശീലനം ബോർഡിന്റെ ശുപാർശയനുസരിച്ച് വ്യവസായ പരിശീലന വകുപ്പ് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.ആഷാ തോമസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ (എറണാകുളം) ഉപരിപത്രം സഹിതം.
മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബീവറേജസ് കോർപറേഷൻ ലിമിറ്റഡ്.
ചെയർമാൻ,കേരള അബ്കാരി തൊഴിലാളി ക്ഷേമനിധിബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (U.O No. EXP B1/439/2018 Dated 30.11.2018)
പൊതുഭരണ (എസ്.സി) വകുപ്പ്. (മന്ത്രിസഭായോഗത്തിന്റെ ഇനം നമ്പർ 2789 നടപടി കുറിപ്പ്).
തൊഴിലും നൈപുണ്യവും വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.